**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 64** **04-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവള വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവള വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | കോഴിക്കോട് വിമാനത്താവള വികസന സ്ഥലമെടുപ്പിൽ ടെർമിനൽ വികസനത്തിനായി 137 ഏക്കർ ഭൂമിയും കാർ പാർക്കിംഗിനായി 15.5 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 152.5 ഏക്കർ ഭൂമി 2013 ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. ടെർമിനൽ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് 2018 ൽ കണ്ണൂർ ആസ്ഥാനമായുള്ള ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് എന്ന ഏജൻസിയേയും കാർ പാർക്കിംഗുമായി ബന്ധപ്പെട്ട് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് 2020ൽ കോട്ടയം ആസ്ഥാനമായുള്ള കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് എന്ന ഏജൻസിയേയും സർക്കാർ നിയമിച്ചിരുന്നു. എന്നാൽ സ്ഥലം ഉടമകളുടെ എതിർപ്പ് കാരണം സാമൂഹ്യ ആഘാത പഠനം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. റവന്യൂ പൊതുമരാമത്ത്, ഗതാഗത, കായികം വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ 01.09.2021 ന് ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും ഒരു യോഗം ഓൺലൈനായി ചേരുകയും, തുർന്ന് ഭൂമി ഏറ്റെടുക്കലിന്റെ നിജസ്ഥിതി വിലയിരുത്തുന്നതിന് കാലിക്കറ്റ് വിമാനത്താവളത്തിൽ വെച്ച് ഓഫ് ലൈൻ ആയി യോഗം ചേരുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഈ വിഷയത്തിൽ കേന്ദ്ര വ്യോമയാന മന്ത്രിയുമായി 30.09.2021 ന് ചർച്ച നടത്തിയിട്ടുണ്ട്. |
| (ബി) | 2020 ആഗസ്റ്റിൽ ഉണ്ടായ വിമാന ദുരന്തത്തിന്റെ അന്വേഷണ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അപകട കാരണങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| (സി) | കോഴിക്കോട് വിമാനത്താവള സ്വകാര്യവൽക്കരണ നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കോഴിക്കോട് വിമാനത്താവള വികസനവും ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് എയർപോർട്ട് അതോറിറ്റി ചെയർമാൻ, എയർപോർട്ട് ഡയറക്ടർ, എന്നിവരുമായി നടന്ന ചർച്ചയിൽ കോഴിക്കോട് വിമാനത്താവള വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ കോസ്റ്റ് ഓഫ് അക്വിസിഷൻ മുഴുവൻ സംസ്ഥാന സർക്കാർ വഹിക്കണമെന്നും മേപ്പടി ഭൂമി ഏറ്റെടുക്കൽ പ്രൊപ്പോസലിൽ റൺവേ വികസനം ഉൾപ്പെട്ടിട്ടില്ല എന്നും റൺവേ വികസനം ഇല്ലാത്ത സാഹചര്യത്തിൽ E Category wide body ഫ്ലൈറ്റുകൾ ഇറക്കാൻ സാധിക്കുകയില്ലെന്നും എയർപോർട്ട് ചെയർമാൻ അറിയിക്കുകയുണ്ടായി. കോഴിക്കോട് വിമാനത്താവള സ്വകാര്യവൽക്കരിക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | വിമാനത്താവളം വികസിപ്പിക്കുന്നതിനും വലിയ വിമാനങ്ങൾ വീണ്ടും സർവീസ് ആരംഭിക്കുന്നതിനും വിമാനത്താവളം പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (ഡി) | കോഴിക്കോട് വിമാനത്താവള വികസനവും ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് എയർപോർട്ട് അതോറിറ്റി ചെയർമാൻ, എയർപോർട്ട് ഡയറക്ടർ, എന്നിവരുമായി നടന്ന ചർച്ചയിൽ കോഴിക്കോട് വിമാനത്താവള വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ കോസ്റ്റ് ഓഫ് അക്വിസിഷൻ മുഴുവൻ സംസ്ഥാന സർക്കാർ വഹിക്കണമെന്നും മേപ്പടി ഭൂമി ഏറ്റെടുക്കൽ പ്രൊപ്പോസലിൽ റൺവേ വികസനം ഉൾപ്പെട്ടിട്ടില്ല എന്നും റൺവേ വികസനം ഇല്ലാത്ത സാഹചര്യത്തിൽ E Category wide body ഫ്ലൈറ്റുകൾ ഇറക്കാൻ സാധിക്കുകയില്ലെന്നും എയർപോർട്ട് ചെയർമാൻ അറിയിക്കുകയുണ്ടായി. കോഴിക്കോട് വിമാനത്താവള സ്വകാര്യവൽക്കരിക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ